# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 407
### 24.01.2018-ലെ മറുപടിക്ക്

### മരാമത്ത് പണികളുടെ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>(ബഹു. എം.എൽ.എ.) | | ഡോ. ടി.എം. തോമസ് ഐസക്ക്<br>ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർമാർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ടോ? | പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ മുതലായവ മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർമാർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ട്. |
| (ബി) | എം.എൽ.എമാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർമാർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ടായെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ? എന്തുകൊണ്ടാണ് ഇത്തരത്തിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | എം.എൽ.എമാരുടെ പ്രാദേശിക വികസന നിധിയിൽ നിന്നും മരാമത്ത് പണികൾ ടെണ്ടർ ചെയ്തുകൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ടായെന്ന് നിർദ്ദേശിച്ചിട്ടില്ല.27.11.2017-ലെ സർക്കുലർ നമ്പർ.84/17/ധന പ്രകാരം എം.എൽ.എ-മാരുടെ പ്രത്യേക വികസനനിധിയുടെ കീഴിൽ ശുപാർശ ചെയ്യുന്ന ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് കോൺട്രാക്ടർക്കുള്ള ലാഭം അനുവദനീയമാണ്. |

സെക്ഷൻ ഓഫീസർ